(ബി) അവയിൽ ഏതെല്ലാം പണികൾ പൂർത്തിയായിട്ടുണ്ട്, പൂർത്തിയാകാനുള്ള പണികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2015-16-ൽ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ദേവലക്കര-മേഗിനടുക്ക-ബെള്ളൂരടുക്ക റോഡിന്റെ പണി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കൽ

243(2448) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികൾ ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോളനികൾ ഏതെല്ലാമാണെന്നും അവിടെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും എത്രത്തോളം പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുക എന്നൊരു പദ്ധതി നിലവിലില്ല. എന്നാൽ മോഡൽ കോളനികൾ, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹാംലറ്റ് വികസന പദ്ധതി, പി.വി.ടി.ജി. തുടങ്ങിയ പദ്ധതികളിലൂടെ കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണം

244(2449) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; ഓരോ പദ്ധതികളും ആരംഭിച്ച വർഷവും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ 5 വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ ബഡ്ജറ്റിൽ നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ ;

(സി) പട്ടികവർഗ്ഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ഡി) ഓരോ പദ്ധതിക്കും കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി (2013-14)

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000 രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് . സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾവഴി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ച് വരുന്നുണ്ട്.

2. ജനനി ജന്മരക്ഷാ പദ്ധതി (2013-14)

ടി പദ്ധതിയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രതിമാസം 1,000 രൂപ ധനസഹായം അനുവദിച്ചു നൽകുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുട്ടിക്ക് 1 വയസ് പൂർത്തിയാകുന്നതുവരെ (പരമാവധി 18 മാസം) ടി ധനസഹായം നൽകി വരുന്നു.

3. സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം

ടി പദ്ധതി പ്രകാരം അരിവാൾ രോഗികളായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രതിമാസം 1,000 രൂപ ധനസഹായമായി നൽകി വരുന്നു. ടി തുക അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് നൽകുകയാണ് ചെയ്യുന്നത്.

(ബി) തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതികൾ നിലവിലില്ല.

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾ

245(2450) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളായിരുന്നു ആവിഷ്കരിച്ചിരുന്നതെന്ന് പറയാമോ;

(ബി) അതിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ;

(സി) ഏതെല്ലാം പദ്ധതികളാണ് നിർദ്ദിഷ്ടസമയത്ത് നടപ്പിലാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ഇ) സമ്പൂർണ്ണ ഭവന പദ്ധതി ലക്ഷ്യമിട്ട് എത്ര പേർക്ക് വീട് നൽകിയെന്ന് ജില്ല തിരിച്ച് കണക്കുകൾ പറയാമോ;

(എഫ്) ഇനിയും എത്രപേർക്ക് വീടുകൾ നൽകാനുണ്ട്. അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly